ISSN-2455-0736 (Print)
ISSN-2456-4052 (Online)

# ബാർത്തിന്റെ മിത്തോളജി

DR. SONIA JOSE
Assistant Professor, Department of Malayalam
Pavanathma College, Murickassery
soniajose.ek@gmail.com

**KEY WORDS:**
മിത്തോളജി,
ജനപ്രിയസംസ്കാരം

**സംഗ്രഹം**

റൊളാങ് ബാർത്ത് സാധാരണമായ ആശയ സമൃദ്ധിയും വൈവിധ്യം നിറഞ്ഞ ചിന്തകളുമുള്ള സാഹിത്യനിരൂപകനും സെമിയോളജിസ്റ്റു മായിരുന്നു. ക്ലാസ്സിക്കൽ സാഹിത്യത്തെക്കുറിച്ച് അസാമാന്യമായ അറി വിനുടമയാണ്. മാർക്സിസവും അസ്തിത്വവാദവും സാർത്രിയൻ വൈവിധ്യവുംഅദ്ദേഹത്തെ സ്വാധീനിച്ചു. ബോധപൂർവമോ അബോധ പൂർവമോ ആയാലും എഴുത്ത് ഒരു പ്രത്യയശാസ്ത്രപരമായ പ്ര വർത്തിയാണെന്നും എല്ലാതരം ആശയവിനിമയങ്ങളെയും പോലെ സാഹിത്യവും ഒരു ചിഹ്നവ്യവസ്ഥയാണെന്നും അദ്ദേഹംവാദിക്കുന്നു. ഭൗതികമായ എല്ലാവസ്തുക്കൾക്കും അവയുടെ ഉപയോഗത്തോടൊപ്പം പ്രതീകാത്മകമായ ചില ധർമ്മങ്ങൾ കൂടി ഉണ്ടെന്ന് അദ്ദേഹം വാദിക്കുന്നു. അവയ്ക്കെല്ലാം അർത്ഥം ഉൽപ്പാദിപ്പിക്കാനുള്ള ശേഷിയുണ്ടെന്നും.

മാറിയ കാലഘട്ടത്തിൽ മനുഷ്യരുടെലോകബോധത്തിലും മൂല്യസങ്കല്പങ്ങളിലും മാറ്റം വരും. മനുഷ്യനെയും മറ്റു ജീവജാലങ്ങളെയും നാനാതരം പ്രകൃതി പ്രതിഭാസങ്ങളെയും പ്രപ ഞ്ചത്തെക്കുറിച്ച് മുഴുവനായുമുള്ള കാഴ്ചപ്പാടിൽ വ്യത്യാസങ്ങൾ വന്നു.പുതിയ രാഷ്ട്രീയ ആശയങ്ങളും ജീവിതദർശനങ്ങളും അവരെ സ്വാധീനിച്ചു. സാഹിത്യത്തിൽ പഴയകൃതികളെ പുതിയ രീതിയിൽ സമീപിക്കുക എന്ന പ്രവണതയും ഇതിൻറെ ഭാഗമാണ്. ആധുനികകാലത്തെ സാഹിത്യരചനകൾക്ക് മാത്രമല്ല, പഴങ്കഥകൾക്കും പുരാവൃത്തങ്ങൾക്കുമെല്ലാം അവർ പുതിയ പാരായണ സാധ്യതകൾ കണ്ടെത്തും. കൃതി എന്ന ഒന്നില്ല. പാഠങ്ങൾ മാത്രമേയുള്ളൂ പ ാഠങ്ങളുടെ ഉൽപ്പാദനമാണ് കൃതിയെ സൃഷ്ടിക്കുന്നത് എന്ന ആശയവും വ്യാപകമാണ്. പാഠത്തിനു പ്രാധാന്യം നൽകുന്നവർ ആദ്യം ഉദ്ധരിക്കുന്നത് റൊളാങ് ബാർത്തിനേയും മിഷേൽ ഫൂക്കോവിനേ യുമാണ്. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ഫ്രാൻസിലെ ചിന്തകരിൽ പ്രമുഖനായിരുന്നു റൊളാങ് ബാർത്ത്. അദ്ദേഹത്തിലെ ആദ്യകാലകൃതികളിൽ വ്യാപകമായി വായിക്കപ്പെട്ട ഒന്നാണ് മിത്തോള ജീസ്. പല ലേഖനങ്ങളും പത്രക്കുറിപ്പിന്റെ ശൈലിയിലാണ് കൃതിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അൻപതുകളിൽ ഫ്രാൻസിൽ ഉണ്ടായിരുന്ന പല സംഭവങ്ങളെയും പ്രവണതകളെയും ഈ കുറിപ്പുകൾ വിശകലനം ചെയ്യുന്നു. ജനപ്രിയ സംസ്കാരം, സിനിമ, പത്രറിപ്പോർട്ടുകൾ, ഫോട്ടോഗ്രാഫുകൾ എന്നിവയെല്ലാം ഗ്രന്ഥത്തിൽ വിശകലന വിധേയമാക്കുന്നുണ്ട്. ജീവിതത്തിൽ നിസാരമെന്നു കരുതുന്ന പലതിനും അർത്ഥപരമായി ബാർത്ത് പ്രാധാന്യം കൽപ്പിക്കുന്നു. ദൈനംദിന ജീവിതത്തിൽ

ISSN-2455-0736 (Print)
ISSN-2456-4052 (Online)

മനുഷ്യർക്കിടയിൽ സജീവമായ നിരവധി മിത്തുകളെ ബാർത്ത് വിശകലനം ചെയ്യുന്നുണ്ട്.

ജനങ്ങൾക്കിടയിൽ സജീവമായതും ദൈനംദിന ജീവിതത്തിൽ കടന്നു വരുന്നതുമായ പലതരം വസ്തുതകളുടേയും സന്ദർഭങ്ങളുടെയും അർത്ഥത്തിനെ ബാർത്ത് തിരയുന്നു. ചരിത്ര ത്തിന്റെയും സംസ്കാരത്തിന്റെയും ഭാഗമായ ഒരു വസ്തുവും സ്വാഭാവികം മാത്രമല്ലെന്ന് ബാർത്ത് വിശ്വസിക്കുന്നു. വസ്തുക്കൾക്ക് അവയുടെ ഉപയോഗം മാത്രമല്ല ഉള്ളത്, പകരം അവയ്ക്ക് പ്രതീ കാത്മകമായ ചില ധർമ്മങ്ങൾ കൂടി നിർവഹിക്കാൻ ഉണ്ടെന്ന് അദ്ദേഹം കരുതുന്നു.1ഇവയ്ക്കെല്ലാം അർത്ഥം ഉത്പാദിപ്പിക്കാനുള്ള ശേഷി ഉണ്ടെന്നും അദ്ദേഹം ഉറച്ചുവിശ്വസിക്കുന്നു. വസ്തുക്കൾ വ്യംഗാർത്ഥ സൂചനകളിൽ നിന്ന് ഒഴിഞ്ഞു നിൽക്കുന്നില്ല ഉപയോഗം ഒരുപോലിരിക്കുന്ന രുവസ്തുക്കൾക്ക് സംസ്കാരത്തിലെ അർത്ഥ സൂചനകൾ ഒന്നാവണമെില്ലെന്നും അദ്ദേഹം വ്യക്തമാക്കി. ഒരേവസ്തു തന്നെയും അത് ഉപയോഗിക്കുന്നവർക്ക് ഭിന്ന സംസ്കാരത്തിൽ ഭിന്ന അന ുഭവം പ്രദാനം ചെയ്യും. ഇത്തരം ഭിന്നാർത്ഥത്തെ വെളിപ്പെടുത്താനാണ് ബാർത്ത് മിത്തോളജിയിൽ ശ്രമിക്കുന്നത്. ഒരു വസ്തുവിനെയും അതിന്റെ കേവലമായ അർത്ഥത്തിൽ ബാർത്ത് സ്വീകരിക്കു ന്നില്ല. വസ്തുക്കളുടെ ചിഹ്നപരമായ ധർമ്മത്തിൽ ആണ് അദ്ദേഹംതന്റെ ശ്രദ്ധ കേന്ദ്രീകരിച്ചത്. സാധാരണ പ്രക്രിയയിൽ ഒരു വസ്തു എത്തരത്തിലാണോ പുറത്തുദൃശ്യമാക്കപ്പെടുന്നത് അതിനെ ബാർത്ത്സ്വീകരിക്കുന്നില്ല. കേവലവസ്തുക്കളായി പുറത്തേക്ക് പ്രത്യക്ഷപ്പെടുന്ന മനുഷ്യ നിർമ്മിതി കൾ എപ്രകാരമാണ് അവയുടെ സാമൂഹികവും ചരിത്രപരവുമായ സന്ദർഭങ്ങളെ മൂടിവെക്കുന്നത് എന്ന് ബാർത്ത് ചിന്തിക്കുന്നു.

മിത്ത് എന്ന വാക്കിനെ ബാർത്ത് ആഴത്തിൽ വിശകലനം ചെയ്യുന്നുണ്ട്. പുരാവൃത്തം എന്ന സങ്കൽപത്തിലല്ല മിത്തിനെ അദ്ദേഹം ഉപയോഗിക്കുന്നത്. അതിഭൗതികശക്തികൾ കഥാ പാത്രങ്ങളാകുന്ന ആഖ്യാനങ്ങളാണ് പുരാവൃത്തങ്ങൾ. എന്നാൽ മിഥ്യഎന്നോ തെറ്റിദ്ധാരണ എന്നോ ഉള്ള അർത്ഥത്തിലാണ് ബാർത്ത് മിത്തിനെ വിശകലനം ചെയ്യുത്. മനുഷ്യജീവിതത്തെ ചൂഴ്ന്നു നിൽക്കുന്ന മിഥ്യകളെയാണ് ബാർത്ത്വിശകലനം ചെയ്യുന്നത്. ജനങ്ങൾ സാമാന്യമായി ഈ മിഥ്യ കളോടും അവ ഉത്പാദിപ്പിക്കുന്ന മൂല്യങ്ങളോടും പ്രതിബദ്ധതയുള്ളവരായിരിക്കും. സമൂഹത്തിലെ സമകാലികമായ അധികാര ഘടനയെയും ഈ മിഥ്യകൾ പിന്തുണയ്ക്കും. മാത്രമല്ല സമൂഹത്തിൽ നടക്കുന്ന അധികാരവ്യവസ്ഥയുടെ പ്രവർത്തനങ്ങളെ അവ അംഗീകരിക്കുകയും ചെയ്യുന്നു. കൃത്രിമമായ ഇത്തരം നിർമ്മിതികൾ മൂടി വെയ്ക്കാൻ ശ്രമിക്കുന്ന യാഥാർത്ഥ്യങ്ങളെ വ്യക്തമാക്കാൻ ബാർത്ത് ശ്രമിക്കുന്നു. 2ബാർത്തിന്റെ കാഴ്ചപ്പാടിൽ മിത്ത് എന്നത് ഒരു സങ്കല്പനം അല്ല. അത് ഒരു ആശയവും അല്ല. പകരം അതൊരു സന്ദേശമാണ്. മിത്ത് ഒരു കളവോ കുമ്പസാരമോ അല്ല, അതൊരു രൂപ വികാരമാണ്. ബാർത്ത് മിത്തിനെ പ്രത്യയശാസ്ത്രവുമായി ബന്ധിപ്പിക്കുന്നു.

ജനപ്രിയസംസ്കാരത്തെ വസ്തുനിഷ്ഠമായി ബാർത്ത് പഠിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ എല്ലാ ജനപ്രിയസംസ്കാരത്തിലും വലിയ അളവിൽ പ്രത്യയശാസ്ത്രപരമായ അനുപാതം പ്രവർത്തിക്കുന്നു. ഇതാണ് മിത്ത്. ഇവയെല്ലാം സ്വാഭാവികമായും പ്രമാണപരമായും വ്യക്തികൾക്ക് അനുഭവപ്പെടുന്നു. ചിഹ്നങ്ങളുടെ സാമൂഹിക ജീവിതം അവ ജനിച്ച അധികാരഘടന യുടെയും വംശീയ സ്വത്വത്തിന്റെയും ലോകവീക്ഷണങ്ങളെ അവതരിപ്പിക്കുന്നു. പ്രദർശനങ്ങൾ, ലേഖനങ്ങൾ, ഫോട്ടോഗ്രാഫുകൾ, സിനിമകൾ, മത്സരങ്ങൾ, തുടങ്ങി എല്ലാത്തിനെക്കുറിച്ചും ബാർത്ത് പഠിക്കുന്നുണ്ട്. സമകാല സംസ്കാരമാണ് മിത്തിനെ നിർമിക്കുന്നതെന്നും അദ്ദേഹം കണ്ടെത്തി.

മിത്തിന്റെ പ്രാധാന്യം എന്നത് അതുനൽകുന്ന സന്ദേശമാണെന്ന് ബാർത്ത് വിശദമാക്കുന്നു.അതിനാൽ മിത്തിന്റെ നിർമ്മിതിയിൽ 'ലാങി'നേക്കാൾ'പരോളി'നാണ് പ്രാധാന്യം. പ്രത്യയശാസ്ത്രപ്രകാരംഎന്തു പറയുന്നു എന്നതാണ് പ്രാധാന്യമെങ്കിൽ എങ്ങനെ പറയുന്നു എന്നതി

ISSN-2455-0736 (Print)
ISSN-2456-4052 (Online)

നാണ് മിത്തോളജിയിൽ പ്രാധാന്യം നൽകിയിരിക്കുന്നത്. ഫ്രഞ്ച് പതാകയെ വണങ്ങുന്ന നീഗ്രോ സൈനികന്റെ ഫോട്ടോയെക്കുറിച്ചുള്ള ബാർത്തിന്റെ പഠനം ശ്രദ്ധേയമായിത്തീർന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഈ ചിത്രം ഒരു മിത്തിനുദാഹരണമാണ്. ഫ്രഞ്ച് സാമ്രാജ്യത്തിന്റെ യഥാർത്ഥ സ്വഭാവത്തിനെ ഈ ചിത്രം മൂടിവെക്കുന്നുവെന്ന് ബാർത്ത് വിശദമാക്കുന്നു. ഈ ചിത്രം കാണുന്നവർ അതിന്റെ സന്ദേശത്തിനാണ് പ്രാധാന്യം നൽകുന്നത്. സാധാരണരീതിയിൽ ഭാഷയിൽ കാണപ്പെടുന്ന സൂചകസൂചിത ബന്ധം ഇവിടെ പ്രവർത്തിക്കുന്നില്ല. നീഗ്രോ സൈനികൻ ഇവിടെ സൂചകവും ഫ്രഞ്ച് സാമ്രജ്വത്വം ഇവിടെ സൂചിതവുമാണ്. ഈ മിത്ത് സ്വയം വിശദീകരണക്ഷമമാണ് വ്യാഖ്യാനത്തിന്റേയോ ഗൂഢവത്കരണത്തിന്റേയോ ആവശ്യകത ഇവിടെയില്ല. സ്വയം വെളിപ്പെടുന്നത് മിത്തല്ല. സ്വാഭാവികം എന്ന പ്രതീതി ജനിപ്പിക്കുകയാണത് ചെയ്യുന്നത്. സാമ്രാജ്യത്വം, ലിംഗരാഷ്ട്രീയം, ഉപഭോഗസംസ്കാരം, സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പ്രതീകങ്ങൾ എന്നിവയെക്കുറിച്ചെല്ലാം ബാർത്ത്മിത്തോളജിയിൽ പരാമർശിക്കുന്നു. സമൂഹത്തിന്റെ പ്രത്യയശാസ്ത്രത്തെ ബലപ്പെടുത്തി അതിന്റെ നിലനിൽപ്പ് തുടരാനാവശ്യമായ പിൻബലം നൽകുന്നിടത്താണ് സമൂഹത്തിൽ മിത്തിന്റെ പ്രാധാന്യമെന്നും അദ്ദേഹം വ്യക്തമാക്കി.

സാഹിത്യം പ്രത്യയശാസ്ത്രപരമായ ചിഹ്നസംവിധാനമാണെന്ന ആശയം അവതരിപ്പിക്കുന്നുണ്ട് ബാർത്ത്. എഴുത്തുകാരന്റെ സ്വാതന്ത്ര്യം ഒരു നിമിഷം മാത്രമാണ് നിലനിൽക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കുന്നു. ചരിത്രത്തിന്റെയും പാരമ്പര്യത്തിന്റെയും സമ്മർദ്ദങ്ങൾ നിരന്തരം ഭീഷണി നേരിടുന്നതണിതിനു കാരണം. അതുപോലെ ഭാഷ ഒരിക്കലും സുതാര്യമല്ല. റിയലിസ്റ്റ് എഴുത്തു പോലും നിഷ്പക്ഷത പാലിക്കുന്നതിൽ നിന്നും വളരെ അകലെയാണെന്നും ബാർത്ത് വ്യക്തമാക്കി. നിരപരാധിത്വം എത്തിച്ചേരാനാവാത്ത ഒരു ആദർശം മാത്രമാണെന്നും അറിഞ്ഞിരിക്കേണ്ടത് ഒരു എഴുത്തുകാരന്റെ ധാർമ്മിക ഉത്തരവാദിത്വത്തിന്റെ ഭാഗമാണെന്നുമാണ് ബാർത്തിന്റെ വാദം.

## BIBLIOGRAPHY

1. Dr. B. ThirupatiRao, Aesthetics Modern & Post Modern, P.41
2. Terry Eagleton, Ideology: An Introduction, P. 5-6

## REFERENCE

1. Alexander, Jeffrey C and Siedman Steven (Eds.). Culture and Society: Contemporary Debates. New York: Cambridge University Press, 1996.
2. Eagleton, Terry. The Literary Theory. Oxford: Blackwell, 1997.
3. ThirupatiRao, B. Aesthetics Modern & Post Modern. Bharatiya Kala Prakashan. Delhi, 2005.